## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3207** **26-06-2024 - ൽ മറുപടിയ്ക്ക്**

## കരുവാറ്റക്കടവ് പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ കരുവാറ്റക്കടവ് പാലം പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കാമോ; | (എ) | ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ കരുവാറ്റക്കടവ് പാലത്തിന് വേണ്ടി 09/10/2023 തീയതിയിൽ 3.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. പാലത്തിന് വിലങ്ങനെ മണ്ണിനടിയിൽ GAIL Pipe line കടന്നുപോകുന്നതിനാൽ GAIL അധികൃതരുമായി സംയുക്ത സ്ഥല പരിശോധനയ്ക്ക് ശേഷം സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി 29/05/2024 തീയതിയിൽ 3.50 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 01/06/2024 തീയതിയിൽ പ്രവൃത്തി ടെണ്ടർ ചെയ്യുകയും ഏറ്റവും കുറഞ്ഞ തുകയ്ക്ക് ക്വാട്ട് ചെയ്ത് ULCCS Ltd എന്ന സ്ഥാപനവുമായി കരാർ ഉടമ്പടി വെച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | പ്രസ്തുത പാലത്തിന് എത്ര മീറ്റർ അപ്രോച്ച് റോഡാണ് നിർമ്മിക്കാനുദ്ദേശിക്കുന്നതെന്നും പാലം പ്രവൃത്തിയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത പാലത്തിന് ഉണ്ണികുളം ഭാഗത്ത് 125 മീറ്ററും, താമരശ്ശേരി ഭാഗത്ത് 67 മീറ്ററും അപ്രോച്ച് റോഡ് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. 12.50 മീറ്ററുള്ള മൂന്ന് സ്പാനുകളോട്ടുകൂടി 7.20 മീറ്റർ വീതിയിലും ഒരു വശത്ത് 1.20 മീറ്റർ വീതിയിലും ഫുട്പാത്തോട്ടുകൂടിയാണ് പാലം വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ